## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1726 | | 04.12.2018-ൽ മറുപടിയ്ക്ക് |
|---|---|---|
| **റോഡ് കട്ടിംഗ് ചാർജ്ജ്** | | |
| **ചോദ്യം** | | **ഉത്തരം** |
| **ശ്രീ.കെ. ദാസൻ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) വൻകിട പദ്ധതികൾക്കായി റോഡ് കട്ട് ചെയ്ത് പൈപ്പ് ലൈനുകൾ സ്ഥാപിക്കുമ്പോൾ ഈടാക്കേണ്ട തുക സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ 22-05-2018 ലെ CE/R&B/GL/RC.1/18 നമ്പർ സർക്കുലർ സംസ്ഥാനത്തെ എല്ലാ റോഡുകൾക്കും ബാധകമാക്കിയിട്ടുണ്ടോ;<br>(ബി) ഗാർഹികാവശ്യത്തിനായി കുടിവെള്ള പൈപ്പുകൾ ഗ്രാമീണ റോഡുകളിൽ കൂടി കൊണ്ടുപോകുന്നവർക്കും പി.ഡബ്ല്യു.ഡി.യുടെ പ്രസ്തുതസർക്കുലർ പ്രകാരമുള്ള പുനഃസ്ഥാപന ചാർജ്ജ് ഈടാക്കിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) പി.ഡബ്ല്യു.ഡി. നിരക്കിലുള്ള റോഡ് കട്ടിംഗ് ചാർജ്ജ് തന്നെ ഗ്രാമീണ റോഡുകൾക്കും ഈടാക്കണമെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ;<br>(ഡി) സാധാരണക്കാരിൽ നിന്നും ഭീമമായ സംഖ്യ ഈ പ്രവൃത്തികൾക്കായി ഈടാക്കുന്നത് ലഘൂകരിക്കാനാവശ്യമായ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (എ), (ബി), (സി) & (ഡി) | ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട് ഏരിയയ്ക്കുള്ളിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പ് ഈടാക്കുന്ന നിരക്കിൽ മാത്രമേ റോഡ് കട്ടിംഗ് ചാർജ്ജ് പ്രസ്തുത കമ്പനിയിൽ നിന്നും ഈടാക്കാവൂ എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>തദ്ദേശസ്വയംഭരണ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് RoW അനുമതിക്കായി ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് നിശ്ചയിച്ചിട്ടുള്ള/നിശ്ചയിക്കുന്ന ഫീസും കാലാകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള റോഡ് കട്ടിംഗ് & റീസ്റ്റോറേഷൻ (Road Cutting & Restoration) ചാർജ്ജുകളും അല്ലാതെ മറ്റൊരു ഫീസും (ട്രാക്ക് റെന്റ്, യൂസർ ഫീ, തറവാടക തുടങ്ങിയവ) ടെലിക്കോം സേവനദാതാക്കളിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുവാൻ പാടില്ലായെന്നും ഉത്തരവായിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങൾ ഒന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ